കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# വെളിയം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

**കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

e-mail: doklm.ksad@kerala.gov.in

***(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)***

നം.കെ.എസ്.എ.കെ.എൽ.എം.പി.6/318/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി-20/03/2020

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

**വെളിയം** ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : **വെളിയം** ഗ്രാമപഞ്ചായത്ത് **2018-19** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **വെളിയം** ഗ്രാമപഞ്ചായത്ത് **2018-19** സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ്

പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

**നം.കെ.എസ്.എ.കെ.എൽ.എം.പി.6/318/2020, തീയതി – 20/03/2020**

## കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

**കൊല്ലം** ജില്ലയിലെ **വെളിയം ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.1.2019മുതൽ 31.12.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.സൈമൺ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.1 .2020 മുതൽ 23.1.2020വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ജി.സജികുമാർ. | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി.മഞ്ജുളാസാഗർ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജൻ.വി.ഡി | സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ജയകുമാരിഅമ്മ.ജി | സീനിയർഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷൈല സലീംലാൽ | 1.4.2018മുതൽ 31.3.2019 വരെ |
| | | |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.വി.സുജിത്ത്കുമാർ | 1.4.2018മുതൽ 31.3.2019 വരെ |
| **<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>** | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എൻജിനീയർ | ശ്രീ.അബു സെയ്ദ് | 1.4.2018മുതൽ 31.3.2019 വരെ |
| അഗ്രി.ഓഫീസർ | ശ്രീ.സുഭാഷ്.പി<br>ശ്രീമതി.സ്നേഹ.എസ്.മോഹൻ | 1.4.2018മുതൽ 18.11.18 വരെ<br>18.11.18 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ശ്രീജ.കെ.ജി. | 1.4.2018മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ദിവ്യ ശശി | 1.4.2018മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഷൈനി<br>ശ്രീമതി.സിന്ധു<br>ശ്രീമതി.ഉഷാ റാണി.കെ | 1.4.2018മുതൽ 31.6.2018വരെ<br>1.7.18 മുതൽ 17.11.2018വരെ<br>18.11.18 മുതൽ 31.3.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ശശികല.എസ് | 1.4.2018മുതൽ 31.3.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ആനിയമ്മ.എം | 1.4.2018മുതൽ 31.3.2019 വരെ |
| വെറ്റിനറി സർജൻ | ഡോ.സജയകുമാർ | 1.4.2018മുതൽ 12.9.2018 വരെ |
| | ഡോ.അരുൺകുര്യൻ | 12.9.2018മുതൽ 8.2.2019 വരെ |
| | | |

| | | |
|---|---|---|
| | ഡോ.സജിത്ത് സാം | 8.2.2019<br>മുതൽ<br>31.3.2019 വരെ |
| അസി.സെക്രട്ടറി | ശ്രീ.മുഹമ്മദ് റിസ.എ | 1.4.2018മുതൽ<br>31.3.2019 വരെ |
| മെഡിക്കൽ<br>ഓഫീസർ,ഹോമിയോ | ഡോ.ശ്രീജിത്ത് | 1.4.2018മുതൽ<br>31.3.2019 വരെ |

# ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-12 |
| 13 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-13 |
| 14 | വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് | 1-14 |
| 15 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഗ്രാമപഞ്ചായത്തിന് നല്കിയിട്ടില്ല. | 1-15 |
| 16 | യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. | 1-16 |
| 17 | കായില ആറ്റുർകോണം പൊതുകിണറുകളിൽ മോട്ടോർ സ്ഥാപിക്കൽ (134/19), സ്ഥാപിക്കാത്ത മോട്ടോറിന് തുക നല്കി, 30,000 രൂപാ നിരാകരിക്കുന്നു. | 1-17 |
| 18 | തെരുവു വിളക്ക് മെയിന്റൻസ് ( 120/19) ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകിച്ചതിനാൽ 4,15,11/- രൂപ അധികം നല്കി | 1-18 |

| | | |
|---|---|---|
| 19 | മുട്ടറ മരുതിമലയിൽ ഇക്കോട്ടൂറിസം പദ്ധതിക്കായി റവന്യൂവകുപ്പിൽ നിന്നും ലൈസൻസ് വ്യവസ്ഥയിൽ ലഭിച്ചിട്ടുള്ള ഭൂമിയുടെ വാർഷിക ഫീസ് യഥാസമയം ഒടുക്കുവരുത്തുന്നില്ല. | 1-19 |
| 20 | പൊതുടാപ്പുകൾ – സംയുക്ത വെരിഫിക്കേഷൻ അനിവാര്യം | 1-20 |
| 21 | ജെറ്റ് പമ്പ്സെറ്റ് വാങ്ങൽ - അധികച്ചെലവ് നിരാകരിക്കുന്നു | 1-21 |
| 22 | KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-22 |
| 23 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-23 |
| 24 | പ്രിന്റിംഗ് ചാർജ് – ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-24 |
| 25 | കശുമാവിൻതൈകൾ പൂർണ്ണമായും ലഭിച്ചില്ല -ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക-1,42,800/-രൂപ | 1-25 |
| 26 | ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-26 |
| 27 | എസ്.എസ്.എ വിഹിതം അടവാക്കൽ- രേഖകൾ ഹാജരാക്കിയില്ല | 1-27 |
| 28 | എസ്.0026/19- തുടർ വിദ്യാഭ്യാസ പരിപാടി- രേഖകൾ ഹാജരാക്കിയില്ല | 1-28 |
| 29 | ലൈഫ് മിഷൻ -അവലോകനം | 1-29 |
| 30 | തെരുവു വിളക്ക് പുതിയവ വാങ്ങലും സ്ഥാപിക്കലും (140/19), യഥാസമയം സ്ഥാപിക്കാതിരുന്നതിനാൽ 66710/- രൂപാ വീണ്ടും ചെലവഴിച്ചു – തുക നിരാകരിക്കുന്നു. | 1-30 |
| 31 | സർവ്വേക്കല്ല് വാങ്ങൽ (85 /19) , സർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ല, 39,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-31 |
| 32 | കായില മുട്ടക്കുഴി കോളനി കുടിവെള്ള പദ്ധതി (204/19), പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ | 1-32 |

| | | |
|---|---|---|
| | സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല , 400951 രൂപാ തടസ്സപ്പെടുത്തുന്നു | |
| 33 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗനനാടി കെട്ടിട നിർമ്മാണം , നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല , 8, 62,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-33 |
| | **ഭാഗം 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 34 | വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് | 2-1 |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 35 | ജെറ്റ് പമ്പ് സെറ്റ് വാങ്ങൽ- അധികതുക നല്കിയത് നിരാകരിക്കുന്നു | 3-1 |
| 36 | തെരുവു വിളക്ക് മെയിന്റൻസ് ( 120/19) ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകിച്ചതിനാൽ 41,511 /- രൂപ അധികം നല്കി | 3-2 |
| 37 | കായില ആരൂർകോണം പൊതുകിണറുകളിൽ മോട്ടോർ സ്ഥാപിക്കൽ (134/19), സ്ഥാപിക്കാത്ത മോട്ടോറിന് തുക നല്കി, 30000 രൂപാ നിരാകരിക്കുന്നു. | 3-3 |
| 38 | തെരുവ് വിളക്ക് പുതിയവ വാങ്ങലും സ്ഥാപിക്കലും (140/19), യഥാസമയം സ്ഥാപിക്കാതിരുന്നതിനാൽ 66,710/- രൂപ വീണ്ടും ചെലവഴിച്ചു – തുക നിരാകരിക്കുന്നു. | 3-4 |
| 39 | യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. | 3-5 |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 40 | വാർഷികധനകാര്യപത്രിക പരിശോധിച്ച് | 4-1 |

| | | |
|---|---|---|
| | സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | |
| 41 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 42 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 44 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 45 | സ്ഥിര നിക്ഷേപം | 4-6 |
| 46 | ഓഡിറ്റ് റിക്കവറി | 4-7 |
| 47 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 48 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 51 | ഓഡിറ്റ് സാക്ഷ്യപത്രം 2018 – 2019 | അനുബന്ധം-1, |
| 52 | അനുബന്ധപത്രികകൾ | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

23.3.18 തീയതിയിലെ 1(1)-ാം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 11.2.2019തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 7.6.19 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12820034 |
| വരവ് | 128608567 |
| ആകെ | 141428601 |
| ചെലവ് | 121343795 |
| നീക്കിയിരിപ്പ് | 20084806 |

## 1-4 ഫണ്ടു വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 22509811 | 22509811 | 22509811 | - |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 13743000 | 13743000 | 13743000 | - |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 155000 | 155000 | 155000 | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 10185000 | 10185000 | 10185000 | - |
| മെയിന്റനൻസ്,നോൺ-റോഡ് (ACR പ്രകാരം) | - | 4584000 | 4584000 | 4584000 | - |
| സെൻട്രൽ ഫിനാൻസ് | - | 10447000 | 10447000 | - | 10447000 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | | | | |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 12679493 | 12679493 | 10447000 | 2232493 |
| സാക്ഷരത | | 18350 | – | 18350 | – | 18350 |
| ദുരിതാശ്വാസനിധി | | | | | | |
| ജലനിധി | | | | | | |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | | 35405661 | 35405661 | 35405661 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10600 | 724287 | 734887 | 716252 | 18635 |
| സംസ്ഥാനാവിഷ്കൃതഫണ്ടുകൾ (ഇനം തിരിച്ച്ചേർക്കുക) | | – | – | – | – | – |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 169687 | 4452845 | 4622532 | 4163820 | 458712 |
| | ജില്ലാ പഞ്ചായത്ത് | – | 2385559 | 2385559 | 2385559 | – |
| ബി ഫണ്ട് | | | 971520 | 971520 | 971520 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | – | – | – | – | – |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 11911469 | 68897545 | 80809014 | 68483139 | 12325875 |
| | ട്രഷറി അക്കൗണ്ട് | 879615 | 13450269 | 14329884 | 7122287 | 7207597 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 176251947 | 159 | 100139081` | 42 | 12 | 75 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10600 | 724287 | 734887 | 716252 | 18635 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 35405661 | 35405661 | 35405661 | - |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 491520 | 271 |
| കർഷകതൊഴിലാളി പെൻഷൻ | 1943500 | 154 |
| വിധവാപെൻഷൻ | 19362100 | 1777 |
| വാർദ്ധക്യകാലപെൻഷൻ | 26032500 | 2691 |
| വികലാംഗപെൻഷൻ | 6038400 | 489 |
| 50വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 592800 | 9 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.1.2020 ന് അസി.സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22,476/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. എന്നാൽ ഔട്ട് ഡോർ കളക്ഷന് മാനുവൽ രസീതുകളും ഉപയോഗിച്ചുവരുന്നു. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്യുന്നുണ്ട്. ഡി&ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.11.2019 | 10/19 വരെ | 25.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.8.18-17.8.18 | 2017-18 | 15.10.2018 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

**<u>ന്യൂനതകളുടെ സംഗ്രഹം</u>**

1. ബാലൻസ് ഷീറ്റ് ബി3 ഷെഡ്യൂളും ബി 11 + ബി 11 (a) ഷെഡ്യൂളുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. റീജിയണൽ കോ-ഓപറേറ്റീവ് ബാങ്ക് (തനതു ഫണ്ട്) അക്കൗണ്ടിൽ നിന്നും നല്കിയ ഇനിയും പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്ക് ഇനത്തിൽ ബി ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ഇൻസ്ട്രുമെൻറ് നമ്പർ / തീയ്യതി | തുക (രൂപ) |
|---|---|---|
| 1 | 30447/ 1.1.19 | 1,000/- |
| 2 | 30426/ 6.12.18 | 2,000/- |
| 3 | 30427/ 6.12.18 | 2,000/- |
| 4 | 20236/ 28.7.18 | 3,300/- |
| 5 | 20237/ 28.7.18 | 3,900/- |
| 6 | 25948/ 7.4.18 | 4,620/- |
| 7 | 25948/ 7.4.18 | 5,544/- |
| 8 | 25916/ 7.3.18 | 1,547/- |
| 9 | 25916/ 7.3.18 | 814/- |
| 10 | 26159/ 27.11.17 | 1,500/- |
| 11 | 26160/ 21.11.17 | 9,520/- |
| 12 | 14711/ 19.6.17 | 2,000/- |
| 13 | 26045/17.7.17 | 8,400/- |
| 14 | 15097/ 19.4.17 | 5,000/- |
| 15 | 15059/ 18.3.17 | 4,540/- |

3. ജോയിൻറ് വെഞ്ചർ പദ്ധതികൾക്കായി ട്രഷറി സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

4. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബെയ്സ്ഡ് ആക്കിയിട്ടില്ല .

5. ആസ്തി രജിസ്റ്റർ പരിശോധന സമയത്ത് കാലികമാക്കിയിട്ടില്ല .

6. RP – 9 – പലിശയിനത്തിൽ 137/- രൂപ മാത്രമേ വരവു വന്നിട്ടുള്ളൂ.

7. വസ്തു നികുതി - ഡി.സി.ബി യിലെ അപാകതകൾ.

| ക്രമ നം. | ഇനം | IUE പ്രകാരം ഡിമാൻറ് | RP പ്രകാരം കളക്ഷൻ | ബാലൻസ് | ബാലൻസ് ഷീറ്റ് പ്രകാരം ബാലൻസ് |
|---|---|---|---|---|---|
| 1 | റസിഡൻഷ്യൽ (കറൻറ്) | 19,26,609 | 18,13,321 | 113,288+ L.C | 6,049 |
| 2 | നോൺ റസിഡൻഷ്യൽ (കറൻറ്) | 14,70,934 | 13,88,369 | 82565+ L.C | 53,900 |
| 3 | റസിഡൻഷ്യൽ അരിയർ | 91,881 | 1,34,458 | | 6,677 |
| 4 | നോൺ റസിഡൻഷ്യൽ അരിയർ | 2,16,300 | 1,32,340 | 83,960 | 65,018 |

8. സപ്ലെയേഴ്സ് ഇ.എം.ഡി തുക രജിസ്റ്റർ പ്രകാരം 34,180/- രൂപ വരേണ്ടതിനു പകരം
32,180/- രൂപ എന്നും ബിഡ്ഡേഴ്സ് ഇ.എം.ഡി തുക രജിസ്റ്റർ പ്രകാരം 4,65,770/- രൂപ
വരേണ്ടതിനു പകരം 4,63,770/- രൂപ എന്നുമാണ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-12 തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1.2018-19 സാമ്പത്തികവർഷത്തെ തൊഴിൽനികുതി രജിസ്റ്ററും സ്റ്റേറ്റുമെന്റും പരിശോധിച്ചതിൽ പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ | സ്ഥാപനത്തിന്റെ പേര് | അർദ്ധ |
|---|---|---|

| | | |
|---|---|---|
| നം. | | വർഷം |
| 1. | യോഗക്ഷേമ ഹോസ്പിറ്റൽ,വെളിയം | I &II |
| 2. | മുത്തൂറ്റ് ഫിൻകോർപ്പ്,വെളിയം | II |
| 3. | മുത്തൂറ്റ് ഫിൻകോർപ്പ്,ഓടനാവട്ടം | I |
| 4. | എ.കെ.എസ്.ആഡിറ്റോറിയം | II |

2.യോഗക്ഷേമ ഹോസ്പിറ്റലിലെ ജീവനക്കാരുടെ ഒന്നം രണ്ടും അർദ്ധ വർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതിയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംങ്ങൾ ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് നികുതി അടവാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതായും ഈടാക്കി അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽനികുതി ചട്ടം (കേരള പഞ്ചായത്ത് രാജ് ആക്ട് 3(2) മുതൽ 3(11)വരെ)പ്രകാരം പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ അർദ്ധവർഷവും സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കേണ്ടതാണ്. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. -01/17.01.2020.

## 1-13 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ പരിധിയിയിലുള്ള സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. ചുവടെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് ഒടുക്കുകയോ പഞ്ചായത്ത് ലൈസൻസ് അനുവദിക്കുകയോ ചെയ്തിട്ടില്ല.

| വാർഡ് നം./ വീട്ടു നം. | ഉടമസ്ഥന്റെ പേരുവിവരം | സ്ഥാപനത്തിന്റ പേര് |
|---|---|---|
| 16/185 | ത്രേസ്യാമ്മ വർഗ്ഗീസ് | മെഡിക്കൽ സ്റ്റോർ |
| 13/857 | മോഹനൻ.കെ | ഫർണ്ണിച്ചർ വ്യാപാരം |
| 16/412 | സുധാകരൻ.എസ് | സ്റ്റേഷനറി |
| 9/298 | മോഹനൻ.കെ | സ്റ്റേഷനറി |
| 10/601 | വിനോദ്കുമാർ | അഗ്രി .ഉൽപ്പന്നങ്ങൾ |
| 3/355 | മനോജ്ചന്ദ്രൻ | സ്റ്റുഡിയോ |
| 3/822 | അജിമോൻ വർഗ്ഗീസ് | ബേക്കറി |
| 16/693 | യശോധരൻ | പലചരക്കുവ്യാരം |
| 16/104 | രമണിയമ്മ | ഫാൻസിസ്റ്റോർ |
| 16/202 | മധുസൂദനൻപിള്ള | പൂജാ സാധനങ്ങൾ വിൽക്കുന്നതിന് |
| 13/150 | നിസ്സാം | ഹോട്ടൽ |
| 4/340 341 | സുരേഷ്കുമാർ | തടിപ്പണി |
| 4/896 | ഉണ്ണികൃഷ്ണപിള്ള | കാഷ്യൂ പായ്ക്കിംഗ് &റോസ്റ്റിംഗ് |
| 7/260 | രാജേഷ്.എം | ബേക്കറി |
| 18/220 | അജി.എസ് | ചായക്കട |
| 7/692 | ലക്ഷ്മി | സ്റ്റേഷനറി |
| 7/840 | ഗോപാലകൃഷ്ണപിള്ള | സ്റ്റേഷനറി |
| 4/144 | മത്തായി ചെറിയാൻ | കാഷ്യൂ ഫാക്ടറി |
| | | |

| | | |
|---|---|---|
| 3/346 | സുനിൽ.എൻ.പിള്ള | സ്വർണ്ണവ്യാപാരം |
| 19/573 | ചന്ദ്രപ്രസാദ് | പലചരക്കുവ്യാപാരം |
| 3/452 | പ്രഭാകരൻ | സ്റ്റേഷനറി<br>ബേക്കറി |
| 14/290 | വാമദേവൻ | വളം വില്പന |
| 10/195 | സുമേഷ്.ആർ | വർക്ക് ഷോപ്പ് |
| 7/787<br>788 | സന്തോഷ്കുമാർ | പലചരക്ക വ്യാപാരം |
| 5/53<br>483 | എസ്.അയ്യനാർ | വെജിറ്റബിൾസ്,ചായക്കട,ചില്ലറ വില്പന |
| 16/485 | എം.ജേക്കബ്ബ് | തടിമിൽ |
| 3/129 | ഡോ.കെ.എസ്.മണികണ്ഠൻ | ഔഷധി ഏജന്റ് |
| 7/582 | അനിൽകുമാർ | ടീ ഷോപ്പ് |
| 8/836 | ബി.സലീം | രാസവളം വില്പന |
| 9/332 | കെ.ജി.സന്തോഷ്കുമാർ | മെഡിക്കൽ സ്റ്റോർ |
| 10/212 | സതി | ഹോട്ടൽ |
| 16/808 | ജെയിംസ് | ബേക്കറി |
| 16/104 | രാജൻ | വർക്ക് ഷോപ്പ് |

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടി ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് ലൈസൻസ് ഫീ ഒടുക്കാനുള്ള സ്ഥാപനങ്ങൾക്ക് എൻക്വയറിയുടെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകിയിട്ടുള്ളതായി മറുപടി ലഭ്യമാക്കി.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുംലൈസൻസ് ഫീസ് ഈടാക്കി വിവരം രേഖാമൂമം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. – 2/17.1.2020

## 1-14 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

ബിനോജ്, താന്നിവിള പടിഞ്ഞാറ്റിൻകര എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 12/535-ാം നം.വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവുള്ളതായി കാണുന്നു. തറവിസ്തീർണ്ണം 106.10 ച.മീറ്ററുള്ള കെട്ടിടത്തിന് 50/-രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനപ്രകാരം 100 ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ച.മീറ്ററിന് 60 രൂപാ നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| വിസ്തീർണ്ണം | ഈടാക്കിയ തുക | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|
| 106.10 | 5305<br>(-)530.5<br>(മേഖലാ ഇളവ് 10%)<br>(+)1061<br>(വഴിസൗകര്യം-20%)<br>=5836+292(L/C)<br>=6128 | 6366<br>(-)637(മേഖലാ ഇളവ് 10%)<br>(+)1273(വഴിസൗകര്യം-20%)<br>=7002+350L/C)<br>=7352 | 1220 |

വസ്തുനികുതി കുറവായി ഈടാക്കിയതിന് വിശദീകരണംആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. 2018 – 19 സാമ്പത്തിക വർഷത്തിൽ വസ്തുനികുതിയിനത്തിൽ നഷ്ടമായ 1,220/-രൂപ കെട്ടിട ഉടമയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 9/20.1.2020

## 1-15 ഇ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഗ്രാമപഞ്ചായത്തിന് നല്കിയിട്ടില്ല.

ഇ- ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില നാളിതുവരെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. 2018-19 സാമ്പത്തിക വർഷം വരെ ഇപ്രകാരം ലഭിക്കുവാനുള്ള തുകകളുടെ വർഷം തിരിച്ചുള്ള വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം | സാമ്പത്ത്തിക വർഷം | തുക |
|---|---|---|

| | | |
|---|---|---|
| 1 | 2014-15 | 35595 |
| 2 | 2015-16 | 109715 |
| 3 | 2016-17 | 186300 |
| 4 | 2017-18 | 122760 |
| 5 | 2018-19 | 188340 |
| | ആകെ | 642710 |

ടെണ്ടർഫോറം വില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ അടവാക്കിയിട്ടുള്ള 6,42,710/- രൂപാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരമറിയിക്കേണ്ടതാണ്.

## 1-16 യഥാ സമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

പരിഷ്കരിച്ച പൊതുമരാമത്ത് മാന്വൽ 2012 പ്രകാരം പ്രവൃത്തി അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നല്കിയാൽ 14 ദിവസത്തിനകം കരാറിൽ ഏർപ്പെടണം. ഇപ്രകാരം കരാറിൽ ഏർപ്പെടാത്തവർക്ക് 1% പിഴ ഈടാക്കിക്കൊണ്ട് (കുറഞ്ഞത് 1000 രൂപാ പരമാവധി 25000 രൂപാ) 10 ദിവസം കൂടി അനുവദിച്ചുനല്കാവുന്നതാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളിൽ യഥാ സമയം കരാറിൽ ഏർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

**(1)പ്രവൃത്തി- മാക്കോട് കോണത്തുഭാഗം ഏലാ മെയിന്റനൻസ്**

കരാറുകാരൻ- ശ്രീ. ജി. മോഹനൻ നായർ

അടങ്കൽ തുക--729000

സെലക്ഷൻ നോട്ടീസ്-10-01-2018

കരാർ തുക-640063

പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി-25-01-2018

കരാർ-72/AE/LSGD/VLM/17-18, 26-02-2018

ഈടാക്കേണ്ടിയിരുന്ന പിഴ-**6401/- രൂപ**

**(2)പ്രവൃത്തി- ഉതിയൂർറോഡ് കോൺക്രീറ്റിംഗ്**

കരാറുകാരൻ- ശ്രീ. ജി. സുരേഷ് കുമാർ

അടങ്കൽ തുക--300000

സെലക്ഷൻ നോട്ടീസ്-26-07-2018

കരാർ തുക-219500

പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി-09-08-18

കരാർ-41/AE/LSGD/VLM/18-19, 16-08-2018

ഈടാക്കേണ്ടിയിരുന്ന പിഴ-**2195/-** രൂപ

**(3)പ്രവൃത്തി- കണ്ണോട്ട് പൊങ്ങുവിള റോഡ് കോൺക്രീറ്റിംഗ്**

കരാറുകാരൻ- ശ്രീ. ജി. സുരേഷ് കുമാർ

അടങ്കൽ തുക--300000

സെലക്ഷൻ നോട്ടീസ്-26-07-2018

കരാർ തുക-220397

പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി-09-08-18

കരാർ-43/AE/LSGD/VLM/18-19, 16-08-2018

ഈടാക്കേണ്ടിയിരുന്ന പിഴ-**2204/-** രൂപ

**(4)പ്രവൃത്തി- തന്നിമൂക്ക് കോണത്തുറോഡ് കോൺക്രീറ്റിംഗ്**

കരാറുകാരൻ- ശ്രീ. ജി. സുരേഷ് കുമാർ

അടങ്കൽ തുക--500000

സെലക്ഷൻ നോട്ടീസ്-26-07-2018

കരാർ തുക-363324

പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി-09-08-18

കരാർ-39/AE/LSGD/VLM/18-19, 16-08-2018

ഈടാക്കേണ്ടിയിരുന്ന പിഴ-**3633/-**രൂപ

യഥാസമയം കരാറിൽ ഏർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാതിരുന്നതുമൂലം പഞ്ചായത്തിനു നഷ്ടപ്പെട്ടിട്ടുള്ള തുക 14433 രൂപ

ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 21.01.2020-ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 കായില ആരൂർകോണം പൊതുകിണറുകളിൽ മോട്ടോർ സ്ഥാപിക്കൽ (134/19), സ്ഥാപിക്കാത്ത മോട്ടോറിന് തുക നല്കി, 30,000/- രൂപ നിരാകരിക്കുന്നു.

പ്രവൃത്തി- കായില ആരൂർകോണം പൊതുകിണറുകളിൽ മോട്ടോർ സ്ഥാപിക്കൽ (134/19)

അടങ്കൽ തുക-1,00,000/-രൂപ (വികസന ഫണ്ട്)

ഗുണഭോക്തൃ സമിതി കൺവീനർ -ശ്രീ.സുരാജ്, സുജിത്ത് ഭവൻ, കായില

കരാർ-70/AE/LSGD/VLM/, 28-03-2017

ബിൽ തുക-89702 രൂപ

ബിൽ നം-5/128-05-2018 അളവു പുസ്തകം-71/2016-17

ടി പ്രവൃത്തിയുടെ ഒന്നാം ഇനമായി :Supplying and fitting 5 HP submersible pumpset with all accessories such as starter panel board GI pipes of suitablelength .... എന്ന ഇനം പ്രവൃത്തി നടത്തിയതിന് (od 238304/2016-17) ഒരെണ്ണത്തിന് 30000 രൂപാ ക്രമം 2 മോട്ടോറുകൾ സ്ഥാപിച്ചതിന് 60,000/- രൂപാ നല്കിയിട്ടുണ്ട്. കായില, ആരൂർകോണം എന്നിവിടങ്ങളിലെ പൊതുകിണറുകളിൽ മോട്ടോർ സ്ഥാപിച്ചതിനാണ് തുക നല്കിയിരിക്കുന്നത്.

പ്രവൃത്തിയുടെ ചെലവുരേഖകൾ ഗുണഭോക്തൃസമിതി ഹാജരാക്കിയിട്ടുള്ളതിൽ (മഹനയിം, നെല്ലിക്കൽ ഹാർഡ്‌വെയേഴ്സ്, ഇൻവോയിസ് നം 7500 തീ 28-03-2017 പ്രകാരം ടി പ്രവൃത്തിക്കായി വാങ്ങിയിട്ടുള്ളത് ഒരു 5 HPമോട്ടോർ മാത്രമാണ്. കൂടാതെ നിലവിലെ അസി. എഞ്ചിനീയറോടൊപ്പം 30.01.2020-ൽ ടി പ്രവൃത്തിയുടെ പരിശോധന നടത്തിയതിൽ കായില പൊതുകിണറിൽ മാത്രമാണ് സബ്മേഴ്സിബിൾ പമ്പ്സെറ്റ് സ്ഥാപിച്ചിട്ടുള്ളത് എന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. മാത്രമല്ല ആരൂർകോണം പമ്പ്ഹൗസ് നിലവിൽ വൈദ്യുതിബന്ധം വേർപെടുത്തിയട്ട അവസ്ഥയിലാണ് കാണപ്പെട്ടിട്ടുള്ളത്.

സ്ഥാപിക്കാത്ത മോട്ടോർ സ്ഥാപിച്ചതായി രേഖപ്പെടുത്തി നല്കിയിട്ടുള്ള 30000 രൂപ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. നേരിട്ടുള്ള പരിശോധനയിൽ ആരൂർകോണം പൊതുകിണറിൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും

പ്രവൃത്തി നടത്തിയതായി കാണുന്നില്ല. ആയതിനാൽ ആശ്രുർകോണം പൊതുകിണറിൽ മോട്ടോർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തുക നല്കിയിട്ടുള്ളത് പരിശോധിച്ച് ക്രമ വിരുദ്ധമായി നല്കിയിട്ടുള്ള മുഴുവൻ തുകയും ഗുണഭോക്തൃ സമിതിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 14/23.01.2020

## 1-18 തെരുവു വിളക്ക് മെയിന്റൻസ് ( 120/19) ഉയര്ന്ന നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകിച്ചതിനാൽ41,511/- രൂപാ അധികം നല്കി

പ്രോജക്ട്-തെരുവു വിളക്ക് മെയിന്റൻസ് ( 120/19)

അടങ്കൽ തുക-5,00,000/-രൂപ

ചെലവ്- 4,99,918/- രൂപ

(ബിൽ നം. 82,83,84,85,86/ തീയതി – 26.3.2019)

(ബിൽ നം. 88/ തീയതി – 27.3.2019)

ടി പ്രോജക്ടിനായി ടെണ്ടർ ക്ഷണിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന 3 സ്ഥാപനങ്ങളുടെ ടെണ്ടർ ലഭിച്ചു.

കൊച്ചുമേലതിൽ ഏജൻസീസ്, കുണ്ടറ

ഇലക്ട്രോ ടെക്ക് എഞ്ചിനീയറിംഗ് സൊല്യൂഷൻ, പൂയപ്പള്ളി

എസ് എം എസ് ടെലി ലിങ്ക്സ് , കൊല്ലം

21-07- 2018 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 2(5) നമ്പർ തീരുമാന പ്രകാരം ഇലക്ട്രോടെക്ക് എഞ്ചിനീയറിംഗ് സൊല്യൂഷൻ, പൂയപ്പള്ളി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ക്രമപ്രകാരം അല്ലാത്തതിനാൽ നിരസിക്കുകയും, മറ്റ് 2സ്ഥാപനങ്ങളുമായും നെഗോസിയേഷൻ നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.നെഗോസിയേഷനിൽ കൊച്ചുമേലതിൽ ഏജൻസീസ്, കുണ്ടറ എന്ന സ്ഥാപനം ജി എസ് ടി ഉൾപ്പെടുന്ന നിരക്കും എസ് എം എസ് ടെലി ലിങ്ക്സ് , കൊല്ലം എന്ന സ്ഥാപനം ജി എസ് ടി ഉൾപ്പെടാത്ത നിരക്കും ആണ് രേഖപ്പെടുത്തിയത്. ആയത് പരിഗണിക്കാതെ എസ് എം എസ് ടെലി ലിങ്ക്സ് , കൊല്ലം എന്ന സ്ഥാപനത്തിന്റെ നിരക്ക് കുറഞ്ഞനിരക്കായി കണക്കാക്കി 24-10-2018ലെ 3(2) നം തീരുമാന പ്രകാരം ടി സ്ഥാപനത്തിന്റെ നെഗോസിയേഷൻ നിരക്ക് അംഗീകരിച്ചു. എസ് എം എസ് ടെലി ലിങ്ക്സ് , കൊല്ലം എന്ന സ്ഥാപനം ജി എസ് ടി ഉൾപ്പെടാത്ത നിരക്കാണ് രേഖപ്പെടുത്തിയത് എന്ന വസ്തുത

പരിഗണിക്കാതെ ടി സ്ഥാപനത്തെ അംഗീകരിച്ചതുമൂലം താഴെക്കൊടുത്തിരിക്കും പ്രകാരം തുക അധികം നല്കി.

| ക്രമ നം | ഇനം | എണ്ണം | എസ്.എം എസ് ടെലിലിങ്ക്സിന് നല്കിയ തുക | | കൊച്ചുമേലതിലിന് നല്കേണ്ടിയിരുന്ന തുക | | അധികം നല്കിയ തുക |
|---|---|---|---|---|---|---|---|
| | | | നിരക്ക് | തുക | നിരക്ക് | തുക | |
| 1 | 36 W Tube | 2000 | 30.93+gst | 72997 | 30 | 60000 | 12997 |
| 2 | Copper choke | 2000 | 100+gst | 236000 | 110 | 220000 | 16000 |
| 3 | 20w CFL | 500 | 106.78+gst | 126000 | 121 | 121000 | 5000 |
| 4 | Pendent holder | 1000 | 11.86+gst | 13995 | 9.5 | 9500 | 4495 |
| 5 | Side holder | 1001 | 4.25+gst | 5010 | 5.5 | 5506 | (-)496 |
| 6 | Aluminium wire1.5QMM | 91 coil | 168.84+gst | 22505 | 205 | 18655 | 3850 |
| 7 | starter | 500 | 5.08+gst | 2997 | 7 | 3500 | (-)503 |
| 8 | Insulation tape | 120 | 8.47+gst | 1200 | 8.6 | 1032 | 168 |
| | | | | 480704 | | 439193 | 41511 |

ഇൻവോയ്സ് നം. R -720, തീയതി -19.12.2018 പ്രകാരം വാങ്ങിയ 800 ബൾബ് ഷെയിഡുകൾക്ക് 19,200/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ നിരക്കിന് വ്യത്യാസം ഇല്ല.

രേഖകൾ ശരിയായി പരിശോധിക്കാതെ നെഗോസിയേഷൻ അംഗീകരിച്ചതുമൂലം അധികം നല്കിയ 41,511/- രൂപാ നിരാകരിക്കുന്നു. ടിതുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 08/20.01.2020.

## 1-19 മുട്ടറ മരുതിമലയിൽ ഇക്കോടൂറിസം പദ്ധതിക്കായി റവന്യൂ വകുപ്പിൽ നിന്നും ലൈസൻസ് വ്യവസ്ഥയിൽ

## ലഭിച്ചിട്ടുള്ള ഭൂമിയുടെ വാർഷിക ഫീസ് യഥാസമയം ഒടുക്കുവരുത്തുന്നില്ല.

റവന്യൂവകുപ്പിന്റെ 18-02-2009 ലെ സ.ഉ. (എം.എസ്)95/2009/റവന്യൂ ഉത്തരവ് പ്രകാരം കൊല്ലം ജില്ലയിൽ, കൊട്ടാരക്കര താലൂക്കിൽ ഓടനാവട്ടം വില്ലേജിൽ 15.5891 ഹെക്ടർ റവന്യൂ പുറംപോക്ക് ഭൂമി മുട്ടറ മരുതിമലയിൽ ഇക്കോ ടൂറിസം പദ്ധതിക്കായി ഏക്കറിന് 1000 രൂപാ വാർഷിക ഫീസ് ഈടാക്കിക്കൊണ്ട് 20 വർഷത്തേയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി വെളിയം ഗ്രാമ പഞ്ചായത്തിന് ലൈസൻസ് വ്യവസ്ഥയിൽ നല്കി. യഥാസമയം വാർഷിക ഫീസ് റവന്യൂവകുപ്പിൽ ഒടുക്കുവരുത്താത്തതിനാൽ കൊട്ടാരക്കര തഹസീൽദാർ സി 2 – 24540/ 2008, തീ 02-07-2018 കത്തിലൂടെ 2009 മുതൽ 2018 വരെയുള്ള തുക പലിശയടക്കം 15 ദിവസത്തിനകം ഒടുക്കുവരുത്തേണ്ടതാണെന്ന് കാണിച്ച് കത്തുനല്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2009 മുതൽ 2017 വരെയുള്ള 9 വർഷത്തെ വാർഷിക ഫീസ് (38508x9=346545) ചെക്ക് നം 29124, തീ 28-09-2018 പ്രകാരം റവന്യൂവകുപ്പിൽ ഒടുക്കുവരുത്തി. പലിശയിൽ വ്യക്തത ഇല്ലാത്തതിനാൽ പലിശ ഒടുക്കുവരുത്തിയിട്ടില്ലായെന്ന് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു.

തനത്ഫണ്ടിൽ ആവശ്യത്തിന് തുക ഉണ്ടായിരുന്നിട്ടും വാർഷികഫീസ് യഥാക്രമം ഒടുക്കുവരുത്താതെ പിഴപ്പലിശ ഒടുക്കുവരുത്തേണ്ടുന്ന സാഹചര്യം ഉണ്ടാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ വസ്തു വിട്ടു കിട്ടിയതിന് 11 വർഷത്തിനു ശേഷവും മുട്ടറ മരുതിമലയിൽ ഇക്കോ ടൂറിസം പദ്ധതി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

മുട്ടറ മരുതിമലയിൽ ഇക്കോ ടൂറിസം പദ്ധതി പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-20 പൊതുടാപ്പുകൾ-സംയുക്ത വെരിഫിക്കേഷൻ അനിവാര്യം

ഗ്രാമപഞ്ചായത്തിൽ ആകെ 61 ടാപ്പുകൾക്കാണ് നിലവിൽ വാട്ടർ ചാർജ് അടയ്ക്കുന്നത്. ടാപ്പൊന്നിന് 5,250/-രൂ ആണ് പ്രതിവർഷനിരക്ക്.പ്രതിമാസം 26,688/-രൂ ഈ ഇനത്തിൽ KWA യ്ക്ക് അടവാക്കുന്നു (പ്രതിവർഷം 3,20,256/-രൂ). മുൻവർഷങ്ങളിൽ ശേഖരിച്ച വാർഡ്തലത്തിലുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് തുക അടവാക്കിവരുന്നത്. പഞ്ചായത്ത്-വാട്ടർഅതോറിറ്റി

സംയുക്ത പരിശോധന അടിയന്തിരമായി നടപ്പാക്കി പൊതുടാപ്പുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരശേഖരണം നടത്തേണ്ടത് പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്.

വാർഡ്തലത്തിൽ പൊതുടാപ്പുകളെ സംബന്ധിച്ച രജിസ്റ്റർ എല്ലാവിശദാംശങ്ങളും ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-21 ജെറ്റ് പമ്പ്സെറ്റ് വാങ്ങൽ - അധികച്ചെലവ് നിരാകരിക്കുന്നു

26.02.2012 ന് RAIDCO ൽ നിന്ന് 1 HP ജെറ്റ് പമ്പ്സെറ്റ് വാങ്ങൽ നടത്തിയ ഇനത്തിൽ കൊടുക്കാനുണ്ടായിരുന്ന 8473/-രൂ സമയബന്ധിതമായി നല്കാത്ത സാഹചര്യത്തിൽ RAIDCOയ്ക്ക് വൗച്ചർനമ്പർ 21800099/19.05.2018 പ്രകാരം 12,346/-രൂ നല്കേണ്ടിവന്നതിലൂടെ 3,473/-രൂ പഞ്ചായത്ത് ഫണ്ടിന് അധികമായി ചെലവാക്കേണ്ടിവന്നു. ആർബിട്രേറ്ററുടെ (Joint Registrar of Co-Operative Societies ) 29.12.2017 ലെ നിർദ്ദേശപ്രകാരം, 26.02.2012 മുതൽ 30.12.2015 വരെ 8% നിരക്കിലുള്ള പലിശയും ഇതര ചെലവുകളും ഉൾപ്പെടെ നല്കേണ്ടിവന്നത് മൂലമാണ് ഇപ്രകാരം സംഭവിക്കാനിടയായത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ടി വിഷയം സംബന്ധിച്ച രേഖകൾ ലഭ്യമല്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം(11.04.2018-ലെ 4(6)-ാം നമ്പർ പ്രകാരമാണ് തുക നൽകിയതെന്നും ബോധിപ്പിച്ചിട്ടുണ്ട്.) തുക സമയബന്ധിതമായി നല്കാത്തത് സെക്രട്ടറിതല വീഴ്ചയാണെന്ന് വിലയിരുത്തുന്നു. 20.06.2012 പ്രാബല്യത്തിൽ സെക്രട്ടറിയുടെ ചുമതല നിർവഹിച്ചിരുന്ന ഉദ്യോഗസ്ഥനിൽനിന്നും അധികതുക ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 03/2020; 17.01.2020

## 1-22 KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി വിവിധ പ്രോജക്ടുകളിലായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമാക്കിയില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ ഫണ്ടിനം. | അടങ്കൽ തുക | ചെലവ് തുക (രൂപ) | ലഭിച്ച മരുന്നിന്റെ | ലഭിക്കാനുള്ള മരുന്നിന്റെ |
|---|---|---|---|---|---|

| | | | | വില (രൂപ) | വില (രൂപ) |
|---|---|---|---|---|---|
| 1. | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ (നം.41/18), വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 10,00,969/- | 10,00,969/- ബിൽ-1/18,2/18,(10.8.18)5/18(26.10.18),12/19,13/19(20.3.19) | 9,50,501/- | 50,468/- |
| 2. | പാലിയേറ്റീവ് കെയർ (നം.25/18), വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 10,64,600 | 10,42,486 ബിൽ-4/18(22.9.18), 6/18(26.10.18) | 10,12,365/- | 30,121/- (25044/-രൂ-മരുന്നുകൾ,5077/-രൂ -ഉപകരണങ്ങൾ) |
| | | | | ആകെ | 80,589/- |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാക്കുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 04/2020,17.01.2020

## 1-23 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| 2018-19 | |
|---|---|
| തൊഴിൽ നല്കിയ കുടുംബങ്ങളുടെഎണ്ണം | 2344 |
| ആകെ തൊഴിൽ ദിനങ്ങൾ | 121890 |
| 100 ദിനം തൊഴിൽ നല്കിയ കുടുംബങ്ങൾ | 635 |
| ആകെ വരവ് | 35986548 |
| ആകെ ചെലവ് | 35967913 |

**<u>2018-19 കാലയളവിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.</u>**

1. അപേക്ഷകൻ ലഭ്യമാക്കിയ രേഖകളുടെ നിജസ്ഥിതി ഉറപ്പുവരുത്തും വിധമുള്ള പ്രാരംഭ വെരിഫിക്കേഷൻ നടത്തിയിട്ടില്ല. അപേക്ഷകൻ സമർപ്പിക്കുന്ന രേഖകളിന്മേൽ പരിശോധന നടത്തി ബന്ധപ്പെട്ട എഞ്ചിനീയർ

സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ അർഹത മാനദണ്ഡം ഉറപ്പ് വരുത്തുന്നതിന് വ്യവസ്ഥാപിതമായ സംവിധാനം ഇല്ലാത്ത സ്ഥിതിയുണ്ട്.

2. വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം പൂർണതോതിൽ നിർവഹിച്ചു കാണുന്നില്ല. പ്രവൃത്തിയുടെ ഒരു ഫയലിലും കമ്മറ്റി രേഖപ്പെടുത്തലുകൾ ഇല്ല. ദേശീയപ്രാധാന്യമുള്ള പദ്ധതിയെ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത ഉണ്ടാകേണ്ടതാണ്.

3. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് കൂടി ഉൾപ്പെടുത്തേണ്ടതാണ്.പ്രവർത്തനങ്ങളുടെ തുടർനിരീക്ഷണങ്ങൾ അനിവാര്യമായ സംഗതികളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ആയത് കൃത്യതയോടെ രേഖപ്പെടുത്തേണ്ടതുമാണ്.

4.വൃക്ഷത്തൈകൾ നടീൽ-പരിപാലനം എന്ന പദ്ധതി കൂടുതൽ ആസൂത്രണ പാടവത്തോടെ നിർവഹിക്കേണ്ടതുണ്ട്. മിക്ക പ്രവർത്തനങ്ങളിലും ഫലപ്രാപ്തി ഇല്ലാത്ത സ്ഥിതിയുണ്ട്.(റോഡരികിലെ വൃക്ഷത്തൈകൾ നടീൽ-പരിപാലനം എന്ന പദ്ധതി കാര്യക്ഷമമായില്ല)

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽമേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും അവശ്യകതാബോധത്തോടെ പദ്ധതികൾ നടപ്പാക്കുന്നതിനുമായി ഭരണനിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## 1-24 പ്രിന്റിംഗ് ചാർജ് -ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

2018-19 വർഷം ആകെ 3,04,860/- രൂ പ്രിന്റിംഗ് ചാർജ് ഇനത്തിൽ ചെലവ് ചെയ്തിട്ടുണ്ട്. പ്രിന്റിംഗ് ആവശ്യമുള്ള സമയങ്ങളിൽ അപ്പപ്പോൾ ക്വട്ടേഷൻ സ്വീകരിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. ഇതുമൂലം സമയനഷ്ടവും സാമ്പത്തിക നഷ്ടവും സംജാതമാകുന്ന സ്ഥിതിവിശേഷമുണ്ട്. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന സന്ദർഭങ്ങളിൽ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. 2019-20 വർഷത്തിലും ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടില്ല. പ്രിന്റിംഗ് ചാർജ് ഇനത്തിലുള്ള ചെലവ് നിർവഹണത്തിനായി ഒറ്റത്തവണ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണനിർവഹണ സംവിധാനങ്ങൾ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-25 കശുമാവിൻതൈകൾ പൂർണ്ണമായും ലഭിച്ചില്ല -ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക-1,42,800/-രൂപ

2018-19 വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ എസ്.0054/19-കശുമാവ് തൈ വിതരണം എന്ന പദ്ധതിയിൽ 7000 എണ്ണം തൈകൾക്ക് 40/-രൂപാ നിരക്കിൽ ആകെ 2,80,000/-രൂപ വികസനഫണ്ടിൽ നിന്നും ബിൽ നം. 9/2018-19 , 21.12.2018 പ്രകാരം പിൻവലിച്ച് കേരളാ സ്റ്റേറ്റ് ക്യാഷ്യൂ ഡെവലപ്മെൻറ് കോർപ്പറേഷന നൽകിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം 3430 എണ്ണം തൈകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ഇനിയും ലഭിക്കാനുള്ള 3570 എണ്ണം തൈകൾ ലഭിക്കുന്നതിനായി എന്തു നടപടി സ്വീകരിച്ചുവെന്നും നാളിതുവരെയും 3570 എണ്ണം തൈകൾ ലഭ്യമാകാതിരുന്നതിൻെറ കാരണം എന്തെന്നും വ്യക്തമാക്കാനാവാശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയിയ മറുപടിയിൽ കേരളാ സ്റ്റേറ്റ് ക്യാഷ്യൂ ഡെവലപ്മെൻറ് കോർപ്പറേഷനിൽ ഗ്രാഫ്റ്റ് തൈകളുടെ കുറവ് മൂലം ലഭ്യമായില്ലായെന്നും ഇപ്പോൾ കശുമാവിൻ തൈകൾ നടുന്നതിന് അനുയോജ്യമായ കാലാവസ്ഥയല്ലായെന്ന് പരാമർശിച്ചിട്ടുണ്ട്. അങ്ങനെയെങ്കിൽ ആവശ്യമായ തൈകൾക്കു മാത്രം തുക ഒടുക്കുന്നതായിരുന്നു ഉചിതം. അതിനാൽ 3570 എണ്ണം തൈകളുടെ വിലയായ 1,42,800/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തൈകൾ സത്വരം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വകരിച്ച് അവ ലഭ്യമാകുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് രേഖകൾ ഒാഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി. നം. 5/17.1.2020

## 1-26 ചെലവ് രേഖകൾ ഹാജരാക്കിയില്ല

2018-19 വർഷം കൃഷി ഓഫീസർ നടപ്പാക്കിയ എസ്.0113/19 -കാർഷിക കർമ്മസേന രൂപീകരണം എന്ന പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 2,26,861/-രൂപയും (ബിൽ നം.23/18-19, 69,822/-രൂപ, 22.3.2019, ബിൽ നം.22/18-19, 1,07,039/- രൂപ, 22.3.2019 ,ബിൽനം.21/18-19, 50,000/-രൂപ ,23.3.19) ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) ഇനത്തിൽ 19652/-രൂപയും ഉൾപ്പെടെ ആകെ 2,46,513/-രൂപ ചെലവഴിച്ച് റെയ്ഡ്കോയിൽ നിന്നും കൊല്ലം നഗരസഭയുടെ കാർഷിക കർമ്മസേനയിൽ നിന്നും ബ്രഷ് കട്ടർ, ടിമ്മർ, പവ്വർറീപ്പർ എന്നിങ്ങനെ വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പദ്ധതിക്കായി നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് 23.1.2020ൽ ലഭ്യമാക്കിയ മറുപടിയിൽ കാർഷിക കർമ്മസേന ടെക്നീഷ്യൻമാർക്ക് പരിശീലനം നൽകിയെന്നും ട്രാക്ടർ മുട്ടറ പാടശേഖരസമിതി ഉപയോഗിക്കുന്നുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഫലപ്രദമായി വിനിയോഗിക്കാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും അധികാരികളും നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി. നം. 5/17.1.2020

## 1-27 എസ്.എസ്.എ വിഹിതം അടവാക്കൽ- രേഖകൾ ഹാജരാക്കിയില്ല

2018-19 വർഷം ഹെഡ്മിസ്ട്രസ്സ്, ജി.ഡബ്ല്യൂ.യു.പി.എസ്, വെളിയം നിർവ്വഹണം നടത്തിയ എസ്.0024/19- എസ്.എസ്.എ വിഹിതം അടവാക്കൽ എന്ന പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 10,00,000/-രൂപ (ബിൽ നം.1/18-19, 6.7.18) പിൻവലിച്ച് എസ്.എസ്.എ യ്ക്ക് അടവാക്കിയ പദ്ധതിയിൽ 2018-19 വർഷം ഗ്രാമപഞ്ചായത്തിൻെറ അധീനതയിലുള്ള സ്കൂളുകളിൽ നടപ്പാക്കാനുദ്ദേശിച്ച ചുവടെ പരാമർശിക്കുന്ന പ്രധാന പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല കംപ്യൂട്ടർ വിദ്യാഭ്യാസം, മൈനോറിറ്റി വിദ്യാഭ്യാസം, റിസർച്ച് , നോൺ റെസിഡൻഷ്യൽ സെൻെറഴ്സ് എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ടോയെന്ന് വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ മോണിറ്ററിംഗ് റിപ്പോർട്ടോ ഇത് സംബന്ധിയായ വിശദമായ സാക്ഷ്യപത്രവും ഫയലിൽ ഇല്ല. എസ്.എസ്.എ യ്ക്ക് അടവാക്കുന്ന വിഹിതം ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടുന്നുവോയെന്ന് തുടർ നിരീക്ഷണം നടത്തേണ്ടത് വളരെ ആവശ്യമാണ്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ എൽ.പി.യു.പി. സ്കൂളുകൾ എസ് എസ് എയ്ക്ക് അടവാക്കിയ തുക ഉപയോഗിച്ച് പ്രവൃത്തികൾ ശരിയാം വിധം നടപ്പാക്കുന്നുണ്ടോയെന്ന് വിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും പരിശോധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.6/17.1.2020

## 1-28 എസ്.0026/19- തുടർ വിദ്യാഭ്യാസ പരിപാടി- രേഖകൾ ഹാജരാക്കിയില്ല

2018-19 വർഷം ഹെഡ്മിസ്ട്രസ്സ്, ജി.ഡബ്ല്യൂ.യു.പി.എസ്, വെളിയം നിർവ്വഹണം നടത്തിയ എസ്.0026/19 - തുടർ വിദ്യാഭ്യാസ പരിപാടി- എന്ന പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 163333/-രൂപയും (ബിൽ നം. 10/18-19, 16.12.2018) തനതു ഫണ്ടിൽ നിന്നും 23,167/-രൂപയും (ചെക്ക് നം.046524/16.12.2018) ഉൾപ്പെടെ ആകെ 186500/-രൂപ സംസ്ഥാന സാക്ഷരതാമിഷന് പത്താംതരം , ഹയർസെക്കൻററി തുല്യതാ പഠനത്തിന് ഫീസും മറ്റ് സാഹചര്യങ്ങളും ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഓടനാവട്ടം , വെളിയം എന്നീ തുടർവിദ്യാകേന്ദ്രങ്ങളിലെ 10-)o തരം തുല്യതയ്ക്ക് 40 പഠിതാക്കൾക്ക് 1,850/-രൂപ വീതവും 12-ാം തരം തുല്യതയ്ക്ക് 45 പഠിതാക്കൾക്ക് 2,500/-രൂപ വീതവും കണക്കാക്കി നൽകിയിട്ടുണ്ട്. ഇവരുടെ ഹാജർ, പരീക്ഷ എഴുതിയതിൻെയും പരീക്ഷാഫലത്തിൻെയും വിശദാംശങ്ങൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,86,500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.6/17.1.2020

## 1-29 ലൈഫ് മിഷൻ -അവലോകനം

2018-19 വർഷം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി.പി യിൽ 1,12,00,000/-രൂപ അടങ്കൽ വകയിരുത്തിയതിൽ 60,68,382/-രൂപ ചെലവഴിച്ചിട്ടുണ്ട്. ജനറൽ വിഭാഗത്തിൽ 4,88,00,000/-രൂപ വകയിരുത്തിയതിൽ 2,28,37,426/-രൂപ ചെലവഴിച്ചിട്ടുണ്ട്. പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഭവനങ്ങൾക്ക് അധിക ധനസഹായം എന്ന് പദ്ധതിയിൽ ജനറൽ വിഭാഗത്തിനു വകയിരുത്തിയ 7,09,642/-രൂപയിൽ 7,09,642/രൂപയും ചെലവഴിച്ചിട്ടുണ്ട്. എസ്.സി വിഭാഗത്തിന് വകയിരുത്തിയ 2,60,000/-രൂപയും ചെലവ് വന്നിട്ടുണ്ട്. രണ്ട് ഗുണഭോക്താക്കൾ ആദ്യത്തെ ഗഡുവായ 40,000/-രൂപ മാത്രമേ കൈപ്പറ്റിയിട്ടുള്ളൂ. വസുമതി,കലാഭവനം, പ്രസന്ന, ചരുവിളപുത്തൻവീട് എന്നീ ഗുണഭോക്താക്കളുടെ വീട് പണി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 തെരുവു വിളക്ക് പുതിയവ വാങ്ങലും സ്ഥാപിക്കലും (140/19), യഥാസമയം

## സ്ഥാപിക്കാതിരുന്നതിനാൽ 66,710 രൂപാ വീണ്ടും ചെലവഴിച്ചു, തുക നിരാകരിക്കുന്നു.

പ്രോജക്ട്-തെരുവ് വിളക്ക് പുതിയവ വാങ്ങലും സ്ഥാപിക്കലും(140/19)

അടങ്കൽ തുക-1,52,395/- രൂപ(തനത് ഫണ്ട്)

ചെലവ്- 1,09,460/-രൂപ

ചെക്ക് നം- 1210293, തീയതി 02-03-2019

2016-17 സാമ്പത്തിക വർഷത്തിലെ തെരുവ് വിളക്ക് പരിപാലനം പുതിയത് വാങ്ങലും സ്ഥാപിക്കലും (08/17)എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി വിജയാ ഏജൻസീസ്, എന്ന സ്ഥാപനത്തിൽ നിന്നും 300 എണ്ണം സിംഗിൾ ട്യൂബ് സെറ്റ് (including all acceceries and instalation ) വാങ്ങി. ടി സിംഗിൾ ട്യൂബ് സെറ്റ് സ്ഥാപിക്കുന്നതിന് 2017-18 ൽ ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ. ആർ ദിലീപ്, NBC Trade Links , ചന്ദനത്തോപ്പ് എന്നയാൾ സമർപ്പിച്ച ഒരു ട്യൂബ് സെറ്റ് ഫിറ്റ്ചെയ്യുന്നതിന് 150 രൂപാ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ നിർദ്ദേശ പ്രകാരം ഇതിൽ 15 എണ്ണം വെളിയംടൗണിൽ സ്ഥാപിച്ചതു കഴിഞ്ഞ് അവശേഷിച്ച 285 സിംഗിൾ ട്യൂബ് സെറ്റ് സ്ഥാപിച്ചതിന് NBC Trade Links , ചന്ദനത്തോപ്പിന്റെ കത്ത് പ്രകാരം തെരുവ് വിളക്ക് പുതിയവ വാങ്ങലും സ്ഥാപിക്കലും(140/19) എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 2018-19 സാമ്പത്തിക വർഷം താഴെ കൊടുത്തിരിക്കും പ്രകാരം തുക നല്കി.

| | | |
|---|---|---|
| 1 | Erection charge for single tubeset(285x150) | 42750 |
| 2 | Erection material wire (50x199.9) | 9995 |
| 3 | Camp nut bolt(285x199) | 56715 |
| | Total | 109460 |

ടി തുക ചെക്ക് നമ്പർ 1210293, തീയതി 02-03-2019 പ്രകാരം NBC Trade Links , ചന്ദനത്തോപ്പിന് നല്കി.

2016-17 സാമ്പത്തിക വർഷത്തിലെ തെരുവ് വിളക്ക് പരിപാലനം പുതിയത് വാങ്ങലും സ്ഥാപിക്കലും (08/17)എന്ന പ്രോജക്ടിന്റെ ടെണ്ടർ പരിശോധിച്ചതിൽ 300 എണ്ണം സിംഗിൾ ട്യൂബ് സെറ്റ് (including all acceceries and instalation ) സ്ഥാപിക്കുന്നതിനും ആയതിന് ആവശ്യമായ എല്ലാ അനുബന്ധഉപകരണങ്ങളും ഉൾപ്പെടെയുള്ള തുകയാണ്

രേഖപ്പെടുത്തിയിരിക്കുന്നത്. എന്നിട്ടും സിംഗിൾ ട്യൂബ് സെറ്റ് സ്ഥാപിക്കുന്നതിനും, ആയതിന് അനുബന്ധ ഉപകരണങ്ങൾക്കും തുക ചെലവഴിച്ചതിനും വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് 20-01-2020 ൽനല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-08) 2016-17 ൽ രൂപീകരിച്ച പദ്ധതിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരാറിന്റെ കാലാവധി കഴിഞ്ഞതിനാൽ ട്യൂബ് സെറ്റുകൾ സ്ഥാപിക്കുവാൻ കരാറുകാരൻ തയ്യാറായില്ലെന്നും ആയതിനെത്തുടർന്ന് ടെണ്ടർ നടപടികൾസ്വീകരിച്ച് 150 രൂപാ നിരക്കിൽ കരാറുകാരന് നല്കി പ്രവൃത്തി പൂർത്തീകരിക്കുകയായിരുന്നുവെന്നും മറുപടി നല്കി.

വാങ്ങിയ ഉപകരണങ്ങൾ യഥാ സമയം സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കാതെ 2016-17 സാമ്പത്തിക വർഷത്തിൽ വാങ്ങിയ ഉപകരണങ്ങൾ 2018-19 ൽ സ്ഥാപിക്കുന്നതിന് 42750 രൂപാ ചെലവഴിക്കുകയും സിംഗിൾ ട്യൂബ് സെറ്റ് (including all acceceries and instalation ) സ്ഥാപിക്കുന്നതിന് ആവശ്യമായ എല്ലാ അനുബന്ധഉപകരണങ്ങളും ഉൾപ്പെടെ (including all acceceries)വാങ്ങിയതിനു ശേഷവും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 66710 രൂപാ ചെലവഴിക്കുകയും ചെയ്തു. ആയതിനാൽ ടി പ്രോജക്ടിനായി 109460 രൂപാ അധികം ചെലവഴിച്ചു . ഇതിൽ 42,750/-രൂപാ കരാർ കാലാവധിക്കുള്ളിൽ ട്യൂബ് സെറ്റ് സ്ഥാപിക്കുവാൻ തയ്യാറാകാതിരുന്ന 2016 -17 കാലഘട്ടത്തിലെ സെക്രട്ടറിയുടെ അനാസ്ഥമൂലം സംഭവിച്ചതാണ്. ഇതുമൂലം ട്യൂബ് ലൈറ്റ് സ്ഥാപിക്കുന്നതിന് 2 തവണ തുക നൽകേണ്ടി വന്നു.(വിജയാ ഏജൻസീസിന് ഫിറ്റിംഗ് ചാർജ്ജ് ഉൾപ്പെടെയുള്ള തുകയാണ് നല്കിയിരുന്നത്). ട്യൂബ് ലൈറ്റ് ഫിറ്റ് ചെയ്യുന്നതിനാവശ്യമായ എല്ലാ അനുബന്ധ സാധനങ്ങളും ഉൾപ്പെടെയാണ് വിജയാ ഏജൻസീസിൽ നിന്നും സിംഗിൾ ട്യൂബ് സെറ്റ് വാങ്ങിയത്, ഇത് ഉപയോഗിക്കാതെ വീണ്ടും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 66,710/-രൂപാ ചെലവഴിച്ചത് സ്ഥാപനത്തിന് സംഭവിച്ച നഷ്ടമാണ്. ആയതിനാൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 66,710/-രൂപാ നിരാകരിക്കുന്നു. ടി തുക ഒരു തവണ ഉപകരണങ്ങൾ വാങ്ങിയത് പരിഗണിക്കാതെ സ്ഥാപനത്തിന്റെ ബിൽ പ്രകാരം തുക നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കി തനതുഫണ്ടിൽ ഒടുക്കേണ്ടതാണ്. കൂടാതെ 2 തവണ ഇൻസ്റ്റലേഷൻ ചാർജ്ജ് നല്കേണ്ടി വരുന്നതുപോലുള്ള അനാസ്ഥകൾ ഒഴിവാക്കേണ്ടതും, വികസനകാര്യസ്ഥിരം സമിതി ജാഗ്രത പാലിക്കേണ്ടതുമാണ്.

## 1-31 സർവ്വേക്കല്ല് വാങ്ങൽ (85 /19) , സർവ്വേ നടപടികൾ

## ആരംഭിച്ചിട്ടില്ല, 39,000 /- രൂപാ തടസ്സപ്പെടുത്തുന്നു

**സർവ്വേക്കല്ല് വാങ്ങൽ (185/19)**

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ തുക -59000 രൂപാ (തനത് ഫണ്ട്)

ചെലവ്--39000 രൂപാ

ചെക്ക് നം-30499, തീയതി27-03-2019

ടി പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് മുട്ടറ മരുതിമല ഇക്കോ ടൂറിസം പദ്ധതിയുടെ അളവു നടപടികൾക്ക് ആവശ്യമായ 260സർവ്വേകല്ലുകൾ ഒന്നിന് 150 രൂപാ ക്രമത്തിൽ വാങ്ങിയതിന് 39,000/- രൂപാ 27-02-2019 ലെ ചെക്ക് നം 30499 പ്രകാരം ജടായു സ്റ്റോൺ വർക്സ് കടയ്ക്കോട് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. മുട്ടറ മരുതിമല ഇക്കോ ടൂറിസം പദ്ധതിയുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ച് അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ പൂർത്തീകരിച്ചതു സംബന്ധിച്ച് നല്കിയ22-01-2020 ലെ ഓഡിറ്റ് അന്വേഷണത്തിന് (നം-12)മറുപടി ലഭ്യമാക്കിയിട്ടില്ല.പ്രാദേശിക പരിശോധനയിൽ നാളിതുവരെ സർവ്വേ നടപടികൾ ആരംഭിക്കാതെ സർവ്വേക്കല്ലുകൾ കൂട്ടിയിട്ടിരിക്കുന്നതായാണ് കാണപ്പെട്ടിട്ടുള്ളത്. ആയതിനാൽ സർവ്വേക്കല്ലുകൾ വാങ്ങുന്നതിനായി ചെലവഴിച്ച 39000 രൂപാ തടസ്സപ്പെടുത്തുന്നു.മുട്ടറ മരുതിമല ഇക്കോ ടൂറിസം പദ്ധതിയുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ച് അതിർത്തികല്ലുകൾ സ്ഥാപിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 കായില മുട്ടക്കുഴി കോളനി കുടിവെള്ള പദ്ധതി (204/19), പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല , 400951 രൂപാ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ തുക-400951 ( വികസന ഫണ്ട്, എസ് സി. പി)

ചെലവ്-400951/- രൂപാ

ബിൽ നം-30, തീയതി-08-11-2018

ടി പ്രവൃത്തിക്കായി ബിൽ നം 30, തീ 08-11-2018 പ്രകാരം 400951 രൂപാ പിൻവലിച്ച് കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തിയിട്ടുണ്ട്.. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തിയിട്ടുള്ള തുക 400951 രൂപാ തടസ്സപ്പെടുത്തുന്നു. . പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. 14/23.01.2020.

## 1-33 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗനനാടി കെട്ടിട നിർമ്മാണം , നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല ,8,62,000/- രൂപ തടസ്സപ്പെടുത്തുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗനവാടി കെട്ടിട നിർമ്മാണം നടത്തുന്നതിലേയ്ക്കായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെക്കൊടുത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരംഎം എൻ ആർ ഇ ജി എസ് സ്റ്റേറ്റ് മിഷൻ അക്കൗണ്ടിലെയ്ക്ക് തുകകൾ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

**1) കായില അംഗനവാടി നിർമ്മാണം (204/19)**

അടങ്കൽ തുക- ധനകാര്യ കമ്മീഷൻഗ്രാന്റ്-600000/-രൂപ

മറ്റുള്ളവ -500000/-രൂപ

ആകെ -1100000/-രൂപ

ബിൽ നം 43 തീ 20-12-2018 പ്രകാരം 600000 രൂപാ എം എൻ ആർ ഇ ജി എസ് സ്റ്റേറ്റ് മിഷൻ അക്കൗണ്ടിലെയ്ക്ക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. അംഗനവാടി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

**2)കളപ്പിലാ അംഗനവാടിക്ക് കെട്ടിട നിർമ്മാണം**

അടങ്കൽ തുക- കേന്ദ്രാവിഷ്കൃത ഫണ്ട്-500000/-രൂപ

തനത് ഫണ്ട് -262000/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം -200000/-രൂപ

ആകെ -962000

ചെക്ക് നം 551206 തീ 21-03-2019 പ്രകാരം 262000/-രൂപ എം എൻ ആർ ഇ ജി എസ് സ്റ്റേറ്റ് മിഷൻ അക്കൗണ്ടിലെയ്ക്ക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്ത് വിഹിതം 200000/-രൂപയും എം എൻ ആർ ഇ ജി എസ് സ്റ്റേറ്റ് മിഷൻ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. അംഗനവാടി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് 22-01-2020 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 12 ) എം എൻ ആർ ഇ ജി എസു മായി ചേർന്ന് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നതായി മറുപടി നല്കി. . നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ 2 അംഗനവാടികൾക്കായി എം എൻ ആർ ഇ ജി എസ് സ്റ്റേറ്റ് മിഷൻ അക്കൗണ്ടിലെയ്ക്ക ട്രാൻസ്ഫർ ചെയ്തിട്ടുള്ള 862000/-രൂപ തടസ്സപ്പെടുത്തുന്നു.. പ്രവൃത്തി പൂർത്തീകരിച്ച് എം.എൻ.ആർ.ഇ.ജി.എസ്സ്. സ്റ്റേറ്റ് മിഷനിൽ നിന്നും, വിനിയോഗപൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

ബിനോജ്, താന്നിവിള പടിഞ്ഞാറ്റിൻകര എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 12/535-ാം നം.വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവുള്ളതായി കാണുന്നു. തറവിസ്തീർണ്ണം 106.10 ച.മീറ്ററുള്ള കെട്ടിടത്തിന് 50/-രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനപ്രകാരം 100 ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ച.മീറ്ററിന് 60 രൂപാ നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| വിസ്തീർണ്ണം | ഈടാക്കിയ തുക | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|
| 106.10 | 5305<br>(-)530.5<br>(മേഖലാ ഇളവ് 10%)<br>(+)1061 | 6366<br>(-)637(മേഖലാ ഇളവ് 10%)<br>(+)1273(വഴിസൗകര്യം-20%) | 1220 |

| | | | |
|---|---|---|---|
| | (വഴിസൗകര്യം-20%)<br>=5836+292(L/C)<br>=6128 | =7002+350L/C)<br>=7352 | |

വസ്തുനികുതി കുറവായി ഈടാക്കിയതിന് വിശദീകരണംആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. 2018 – 19 സാമ്പത്തികവർഷത്തിൽ വസ്തുനികുതിയിനത്തിൽ നഷ്ടമായ 1,220/-രൂപ കെട്ടിട ഉടമയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 9/20.1.2020

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ജെറ്റ് പമ്പ് സെറ്റ് വാങ്ങൽ- അധികതുക നല്കിയത് നിരാകരിക്കുന്നു

26.02.2012 ന് RAIDCO ൽ നിന്ന് 1 HP ജെറ്റ് പമ്പ്സെറ്റ് വാങ്ങൽ നടത്തിയ ഇനത്തിൽ കൊടുക്കാനുണ്ടായിരുന്ന 8473/-രൂ സമയബന്ധിതമായി നല്കാത്ത സാഹചര്യത്തിൽ RAIDCOയ്ക്ക് വൗച്ചർനമ്പർ 21800099/19.05.2018 പ്രകാരം 12,346/-രൂ നല്കേണ്ടിവന്നതിലൂടെ 3,473/-രൂ പഞ്ചായത്ത് ഫണ്ടിന് അധികമായി ചെലവാക്കേണ്ടിവന്നു. ആർബിട്രേറ്ററുടെ (Joint Registrar of Co-Operative Societies ) 29.12.2017 ലെ നിർദ്ദേശപ്രകാരം, 26.02.2012 മുതൽ 30.12.2015 വരെ 8% നിരക്കിലുള്ള പലിശയും ഇതര ചെലവുകളും ഉൾപ്പെടെ നല്കേണ്ടിവന്നത് മൂലമാണ് ഇപ്രകാരം സംഭവിക്കാനിടയായത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ടി വിഷയം സംബന്ധിച്ച രേഖകൾ ലഭ്യമല്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം(11.04.2018-ലെ 4(6)-ാം നമ്പർ പ്രകാരമാണ് തുക നൽകിയതെന്നും ബോധിപ്പിച്ചിട്ടുണ്ട്.) തുക സമയബന്ധിതമായി നല്കാത്തത് സെക്രട്ടറിതല വീഴ്ചയാണെന്ന് വിലയിരുത്തുന്നു. 20.06.2012 പ്രാബല്യത്തിൽ സെക്രട്ടറിയുടെ ചുമതല നിർവഹിച്ചിരുന്ന ഉദ്യോഗസ്ഥനിൽനിന്നും അധികതുക ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക്

അടവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 03/2020; 17.01.2020

## 3-2 തെരുവു വിളക്ക് മെയിന്റൻസ് ( 120/19) ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകിച്ചതിനാൽ 41,511/- രൂപാ അധികം നല്കി

പ്രോജക്ട്-തെരുവു വിളക്ക് മെയിന്റൻസ് ( 120/19)

അടങ്കൽ തുക-5,00,000/-രൂപ

ചെലവ്- 4,99,918/- രൂപ

(ബിൽ നം. 82,83,84,85,86/ തീയതി – 26.3.2019)

(ബിൽ നം. 88/ തീയതി – 27.3.2019)

ടി പ്രോജക്ടിനായി ടെണ്ടർ ക്ഷണിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന 3 സ്ഥാപനങ്ങളുടെ ടെണ്ടർ ലഭിച്ചു.

കൊച്ചുമേലതിൽ ഏജൻസീസ്, കുണ്ടറ

ഇലക്ട്രോ ടെക്ക് എഞ്ചിനീയറിംഗ് സൊലൂഷൻ, പൂയപ്പള്ളി

എസ് എം എസ് ടെലി ലിങ്ക്സ് , കൊല്ലം

21-07- 2018 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 2(5) നമ്പർ തീരുമാന പ്രകാരം ഇലക്ട്രോടെക്ക് എഞ്ചിനീയറിംഗ് സൊലൂഷൻ, പൂയപ്പള്ളി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ക്രമപ്രകാരം അല്ലാത്തതിനാൽ നിരസിക്കുകയും, മറ്റ് 2സ്ഥാപനങ്ങളുമായും നെഗോസിയേഷൻ നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.നെഗോസിയേഷനിൽ കൊച്ചുമേലതിൽ ഏജൻസീസ്, കുണ്ടറ എന്ന സ്ഥാപനം ജി എസ് ടി ഉൾപ്പെടുന്ന നിരക്കും എസ് എം എസ് ടെലി ലിങ്ക്സ് , കൊല്ലം എന്ന സ്ഥാപനം ജി എസ് ടി ഉൾപ്പെടാത്ത നിരക്കും ആണ് രേഖപ്പെടുത്തിയത്. ആയത് പരിഗണിക്കാതെ എസ് എം എസ് ടെലി ലിങ്ക്സ് , കൊല്ലം എന്ന സ്ഥാപനത്തിന്റെ നിരക്ക് കുറഞ്ഞനിരക്കായി കണക്കാക്കി 24-10-2018ലെ 3(2) നം തീരുമാന പ്രകാരം ടി സ്ഥാപനത്തിന്റെ നെഗോസിയേഷൻ നിരക്ക് അംഗീകരിച്ചു. എസ് എം എസ് ടെലി ലിങ്ക്സ് , കൊല്ലം എന്ന സ്ഥാപനം ജി എസ് ടി ഉൾപ്പെടാത്ത നിരക്കാണ് രേഖപ്പെടുത്തിയത് എന്ന വസ്തുത പരിഗണിക്കാതെ ടി സ്ഥാപനത്തെ അംഗീകരിച്ചതുമൂലം താഴെക്കൊടുത്തിരിക്കും പ്രകാരം തുക അധികം നല്കി.

| ക്രമ | ഇനം | എണ്ണം | എസ്.എം എസ് | കൊച്ചുമേലതിലിന് | |
|---|---|---|---|---|---|

| നം | | | ടെലിലിക്സിന് നല്കിയ തുക | | നല്കേണ്ടിയിരുന്ന തുക | | അധികം നല്കിയ തുക |
|---|---|---|---|---|---|---|---|
| | | | നിരക്ക് | തുക | നിരക്ക് | തുക | |
| 1 | 36 W Tube | 2000 | 30.93+gst | 72997 | 30 | 60000 | 12997 |
| 2 | Copper choke | 2000 | 100+gst | 236000 | 110 | 220000 | 16000 |
| 3 | 20w CFL | 500 | 106.78+gst | 126000 | 121 | 121000 | 5000 |
| 4 | Pendent holder | 1000 | 11.86+gst | 13995 | 9.5 | 9500 | 4495 |
| 5 | Side holder | 1001 | 4.25+gst | 5010 | 5.5 | 5506 | (-)496 |
| 6 | Aluminium wire1.5QMM | 91 coil | 168.84+gst | 22505 | 205 | 18655 | 3850 |
| 7 | starter | 500 | 5.08+gst | 2997 | 7 | 3500 | (-)503 |
| 8 | Insulation tape | 120 | 8.47+gst | 1200 | 8.6 | 1032 | 168 |
| | | | | 480704 | | 439193 | 41511 |

ഇൻവോയ്സ് നം. R -720, തീയതി -19.12.2018 പ്രകാരം വാങ്ങിയ 800 ബൾബ് ഷെയിഡുകൾക്ക് 19,200/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ നിരക്കിന് വ്യത്യാസം ഇല്ല.

രേഖകൾ ശരിയായി പരിശോധിക്കാതെ നെഗോസിയേഷൻ അംഗീകരിച്ചതുമൂലം അധികം നല്കിയ 41,511/- രൂപാ നിരാകരിക്കുന്നു. ടിതുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 08/20.01.2020.

## 3-3 കായില ആരൂർകോണം പൊതുകിണറുകളിൽ മോട്ടോർ സ്ഥാപിക്കൽ (134/19), സ്ഥാപിക്കാത്ത മോട്ടോറിന് തുക നല്കി, 30,000/- രൂപാ നിരാകരിക്കുന്നു.

പ്രവൃത്തി- കായില ആരൂർകോണം പൊതുകിണറുകളിൽ മോട്ടോർ സ്ഥാപിക്കൽ (134/19)

അടങ്കൽ തുക-1,00,000/-രൂപ (വികസന ഫണ്ട്)

ഗുണഭോക്തൃ സമിതി കൺവീനർ -ശ്രീ.സുരാജ്, സുജിത്ത് ഭവൻ, കായില

കരാർ-70/AE/LSGD/VLM/, 28-03-2017

ബിൽ തുക-89702 രൂപ

ബിൽ നം-5/128-05-2018 അളവു പുസ്തകം-71/2016-17

ടി പ്രവൃത്തിയുടെ ഒന്നാം ഇനമായി :Supplying and fitting 5 HP submersible pumpset with all accessories such as starter panel board GI pipes of suitablelength .... എന്ന ഇനം പ്രവൃത്തി നടത്തിയതിന് (od 238304/2016-17) ഒരെണ്ണത്തിന് 30000 രൂപാ ക്രമം 2 മോട്ടോറുകൾ സ്ഥാപിച്ചതിന് 60,000/- രൂപാ നല്കിയിട്ടുണ്ട്. കായില, ആറ്റൂർകോണം എന്നിവിടങ്ങളിലെ പൊതുകിണറുകളിൽ മോട്ടോർ സ്ഥാപിച്ചതിനാണ് തുക നല്കിയിരിക്കുന്നത്.

പ്രവൃത്തിയുടെ ചെലവുരേഖകൾ ഗുണഭോക്തൃസമിതി ഹാജരാക്കിയിട്ടുള്ളതിൽ (മഹനയിം, നെല്ലിക്കൽ ഹാർഡ്വയേഴ്സ്, ഇൻവോയിസ് നം 7500 തീ 28-03-2017 പ്രകാരം ടി പ്രവൃത്തിക്കായി വാങ്ങിയിട്ടുള്ളത് ഒരു 5 HPമോട്ടോർ മാത്രമാണ്. കൂടാതെ നിലവിലെ അസി. എഞ്ചിനീയറോടൊപ്പം 30.01.2020-ൽ ടി പ്രവൃത്തിയുടെ പരിശോധന നടത്തിയതിൽ കായില പൊതുകിണറിൽ മാത്രമാണ് സബ്മേഴ്സിബിൾ പമ്പ്സെറ്റ് സ്ഥാപിച്ചിട്ടുള്ളത് എന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. മാത്രമല്ല ആറ്റൂർകോണം പമ്പ്ഹൗസ് നിലവിൽ വൈദ്യുതിബന്ധം വേർപെടുത്തിയട്ട അവസ്ഥയിലാണ് കാണപ്പെട്ടിട്ടുള്ളത്.

സ്ഥാപിക്കാത്ത മോട്ടോർ സ്ഥാപിച്ചതായി രേഖപ്പെടുത്തി നല്കിയിട്ടുള്ള 30000 രൂപ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. നേരിട്ടുള്ള പരിശോധനയിൽ ആറ്റൂർകോണം പൊതുകിണറിൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രവൃത്തി നടത്തിയതായി കാണുന്നില്ല. ആയതിനാൽ ആറ്റൂർകോണം പൊതുകിണറിൽ മോട്ടോർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തുക നല്കിയിട്ടുള്ളത് പരിശോധിച്ച് ക്രമ വിരുദ്ധമായി നല്കിയിട്ടുള്ള മുഴുവൻ തുകയും ഗുണഭോക്തൃ സമിതിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 14/23.01.2020

## 3-4 തെരുവ് വിളക്ക് പുതിയവ വാങ്ങലും സ്ഥാപിക്കലും(140/19), യഥാസമയം

## സ്ഥാപിക്കാതിരുന്നതിനാൽ 66,710/- രൂപ വീണ്ടും ചെലവഴിച്ചു - തുക നിരാകരിക്കുന്നു.

പ്രോജക്ട്-തെരുവ് വിളക്ക് പുതിയവ വാങ്ങലും സ്ഥാപിക്കലും(140/19)

അടങ്കൽ തുക-1,52,395/-(തനത് ഫണ്ട്)

ചെലവ്-1,09,460/-

ചെക്ക് നം- 1210293, തീയതി 02-03-2019

2016-17 സാമ്പത്തിക വർഷത്തിലെ തെരുവ് വിളക്ക് പരിപാലനം പുതിയത് വാങ്ങലും സ്ഥാപിക്കലും (08/17)എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി വിജയാ ഏജൻസീസ്, എന്ന സ്ഥാപനത്തിൽ നിന്നും 300 എണ്ണം സിംഗിൾ ട്യൂബ് സെറ്റ് (including all acceceries and instalation ) വാങ്ങി. ടി സിംഗിൾ ട്യൂബ് സെറ്റ് സ്ഥാപിക്കുന്നതിന് 2017-18 ൽ ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ. ആർ ദിലീപ്, NBC Trade Links , ചന്ദനത്തോപ്പ് എന്നയാളുടെ ഒരെണ്ണം ഫിറ്റ്ചെയ്യുന്നതിന് 150 രൂപാ ക്രമത്തിലുള്ള ടെണ്ടർ അംഗീകരിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ നിർദ്ദേശ പ്രകാരം ഇതിൽ 15 എണ്ണം വെളിയം ടൗണിൽ സ്ഥാപിച്ചതു കഴിഞ്ഞ് അവശേഷിച്ച 285 സിംഗിൾ ട്യൂബ് സെറ്റ് സ്ഥാപിച്ചതിന് NBC Trade Links , ചന്ദനത്തോപ്പിന്റെ കത്ത് പ്രകാരം തെരുവ് വിളക്ക് പുതിയവ വാങ്ങലും സ്ഥാപിക്കലും(140/19) എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 2018-19 സാമ്പത്തിക വർഷം താഴെ കൊടുത്തിരിക്കും പ്രകാരം തുക നല്കി.

| | | |
|---|---|---|
| 1 | Erection charge for single tubeset(285x150) | 42750 |
| 2 | Erection material wire (50x199.9) | 9995 |
| 3 | Camp nut bolt(285x199) | 56715 |
| | Total | 109460 |

ടി തുക ചെക്ക് നമ്പർ 1210293, തീയതി 02-03-2019 പ്രകാരം NBC Trade Links , ചന്ദനത്തോപ്പിന് നല്കി.

2016-17 സാമ്പത്തിക വർഷത്തിലെ തെരുവ് വിളക്ക് പരിപാലനം പുതിയത് വാങ്ങലും സ്ഥാപിക്കലും (08/17)എന്ന പ്രോജക്ടിന്റെ ടെണ്ടർ പരിശോധിച്ചതിൽ 300 എണ്ണം സിംഗിൾ ട്യൂബ് സെറ്റ് (including all acceceries and instalation ) സ്ഥാപിക്കുന്നതിനും ആയതിന് ആവശ്യമായ എല്ലാ അനുബന്ധഉപകരണങ്ങളും ഉൾപ്പെടെയുള്ള തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നിട്ടും സിംഗിൾ ട്യൂബ് സെറ്റ് സ്ഥാപിക്കുന്നതിനും,

ആയതിന് അനുബന്ധ ഉപകരണങ്ങൾക്കും തുക ചെലവഴിച്ചതിനും വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് 20-01-2020 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-08) 2016-17 ൽ രൂപീകരിച്ച പദ്ധതിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരാറിന്റെ കാലാവധി കഴിഞ്ഞതിനാൽ ട്യൂബ് സെറ്റുകൾ സ്ഥാപിക്കുവാൻ കരാറുകാരൻ തയ്യാറായില്ലെന്നും ആയതിനെത്തുടർന്ന് ടെണ്ടർ നടപടികൾ സ്വീകരിച്ച് 150/- രൂപ നിരക്കിൽ കരാറുകാരന് നല്കി പ്രവൃത്തി പൂർത്തീകരിക്കുകയായിരുന്നുവെന്നും മറുപടി നല്കി.

വാങ്ങിയ ഉപകരണങ്ങൾ യഥാ സമയം സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കാതെ 2016-17 സാമ്പത്തിക വർഷത്തിൽ വാങ്ങിയ ഉപകരണങ്ങൾ 2018-19 ൽ സ്ഥാപിക്കുന്നതിന് 42750 രൂപാ ചെലവഴിക്കുകയും, സിംഗിൾ ട്യൂബ് സെറ്റ് (including all acceceries and instalation) സ്ഥാപിക്കുന്നതിനു , ആവശ്യമായ എല്ലാ അനുബന്ധഉപകരണങ്ങളും ഉൾപ്പെടെ (including all acceceries) വാങ്ങിയതിനു ശേഷവും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 66710 രൂപാ ചെലവഴിക്കുകയും ചെയ്തു. ഇതിൽ 42,750/- രൂപ കരാർ കാലാവധിക്കുള്ളിൽ ട്യൂബ്സെറ്റ് സ്ഥാപിക്കുവാൻ തയ്യാറാകാതിരുന്ന 2016-2017 കാലഘട്ടത്തിലെ സെക്രട്ടറിയുടെ അനാസ്ഥ മൂലം സംഭവിച്ചതാണ്. ഇതുമൂലം ട്യൂബ്ലൈറ്റ് സ്ഥാപിക്കുന്നതിന് 2 തവണ തുക നൽകേണ്ടി വന്നു.(വിജയാ ഏജൻസീസിന് ഫിറ്റിംഗ് ചാർജ്ജ് ഉൾപ്പെടെയുള്ള തുകയായിരുന്നു നല്കിയിരുന്നത്). ട്യൂബ്ലൈറ്റ് ഫിറ്റ് ചെയ്യുന്നതിനാവശ്യമായ എല്ലാ അനുബന്ധ സാധനങ്ങൾ ഉൾപ്പെടെയാണ് വിജയാ ഏജൻസീസിൽ നിന്നും വാങ്ങിയത്. ഇത് ഉപയോഗിക്കാതെ വീണ്ടും അനുബന്ധഉപകരണങ്ങൾക്ക് തുക നൽകിയത് വ്യക്തമായ നഷ്ടമാണ്. ആയതിനാൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 66,710/- രൂപ നിരാകരിക്കുന്നു.

## 3-5 യഥാ സമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

പരിഷ്കരിച്ച പൊതുമരാമത്ത് മാന്വൽ 2012 പ്രകാരം പ്രവൃത്തി അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നല്കിയാൽ 14 ദിവസത്തിനകം കരാറിൽ ഏർപ്പെടണം. ഇപ്രകാരം കരാറിൽ ഏർപ്പെടാത്തവർക്ക് 1% പിഴ ഈടാക്കിക്കൊണ്ട് (കുറഞ്ഞത് 1000 രൂപാ പരമാവധി 25000 രൂപാ) 10 ദിവസം കൂടി അനുവദിച്ചുനല്കാവുന്നതാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളിൽ യഥാ സമയം കരാറിൽ ഏർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

**(1)പ്രവൃത്തി- മാക്കോട് കോണത്തുഭാഗം ഏലാ മെയിന്റനൻസ്**

കരാറുകാരൻ- ശ്രീ. ജി. മോഹനൻ നായർ

അടങ്കൽ തുക--729000

സെലക്ഷൻ നോട്ടീസ്-10-01-2018

കരാർ തുക-640063

പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി-25-01-2018

കരാർ-72/AE/LSGD/VLM/17-18, 26-02-2018

ഈടാക്കേണ്ടിയിരുന്ന പിഴ-**6401/-** രൂപ

**(2)പ്രവൃത്തി- ഇുതിയൂർറോഡ് കോൺക്രീറ്റിംഗ്**

കരാറുകാരൻ- ശ്രീ. ജി. സുരേഷ് കുമാർ

അടങ്കൽ തുക--300000

സെലക്ഷൻ നോട്ടീസ്-26-07-2018

കരാർ തുക-219500

പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി-09-08-18

കരാർ-41/AE/LSGD/VLM/18-19, 16-08-2018

ഈടാക്കേണ്ടിയിരുന്ന പിഴ-**2195/-** രൂപ

**(3)പ്രവൃത്തി- കണ്ണോട്ട് പൊങ്ങുവിള റോഡ് കോൺക്രീറ്റിംഗ്**

കരാറുകാരൻ- ശ്രീ. ജി. സുരേഷ് കുമാർ

അടങ്കൽ തുക--300000

സെലക്ഷൻ നോട്ടീസ്-26-07-2018

കരാർ തുക-220397

പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി-09-08-18

കരാർ-43/AE/LSGD/VLM/18-19, 16-08-2018

ഈടാക്കേണ്ടിയിരുന്ന പിഴ-**2204/-** രൂപ

**(4)പ്രവൃത്തി- തന്നിമുക്ക് കോണത്തുറോഡ് കോൺക്രീറ്റിംഗ്**

കരാറുകാരൻ- ശ്രീ. ജി. സുരേഷ് കുമാർ

അടങ്കൽ തുക--500000

സെലക്ഷൻ നോട്ടീസ്-26-07-2018

കരാർ തുക-363324

പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി-09-08-18

കരാർ-39/AE/LSGD/VLM/18-19, 16-08-2018

ഈടാക്കേണ്ടിയിരുന്ന പിഴ-**3633/-**രൂപ

യഥാസമയം കരാറിൽ ഏർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാതിരുന്നതുമൂലം പഞ്ചായത്തിനു നഷ്ടപ്പെട്ടിട്ടുള്ള തുക 14,433/- രൂപ ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 21.01.2020-ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.7.2019 | കെ.എസ്.എ.കെ.എൽ.എം.പി.6/1248/19, 17/09/2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 72845 | നെൽക്കൃഷി വികസനം | 72845 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | `1484000 | ലൈഫ് ഭവനനിർമ്മാണം(ജനറൽ) | 1170975 | 313025 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 744000 | ലൈഫ് ഭവനനിർമ്മാണം(എസ്.സി) | 720000 | 24000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 180000 | ~~20000(28.3.19~~ ൽതിരിച്ചടച്ചു) |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 700000 | അങ്കണവാടി പോഷകാഹാരം | 700000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | ഹൈഡ്രോളിക് മെഷീൻ കം വൈബ്രേറ്റർ ഡൈസെറ്റ് വാങ്ങൽ | 424816 | 75184(28.3.19 ൽ തിരിച്ചടച്ചു) |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 700000 | പാലിന് സബ്സിഡി | 700000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | ആശ്രയ വിഹിതം നൽകൽ | 100000 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1479469 | ലൈഫ് ഭവനനിർമ്മാണം(ജനറൽ) | 966451 | 513018 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1042934 | ലൈഫ് ഭവനനിർമ്മാണം(എസ്സ്.സി) | 666263 | 476671 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 80000 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 80000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 400000 | ക്ഷീരകർഷകർക്ക് പാലിന് സബിസിഡി | 400000 | - |
| ജില്ലാപഞ്ചായത്ത് | 2018-19 | 72845 | നെൽക്കൃഷി വികസനം | 72845 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | ആശ്രയവിഹിതം | 100000 | - |

തുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | | | |

| | | | നം./UTR No. | | | |
|---|---|---|---|---|---|---|
| 1 | KWA | എസ്.സി.കുടിവെള്ളപദ്ധതി | ലഭ്യമല്ല | 111000 | - | 111000 |
| 2 | KWA | പണ്ടാകക്കുന്ന് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 421042830 | 432084 | - | 432084 |
| 3 | KWA | കോയിപ്പറമ്പ്-തുലവിള കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ലഭ്യമല്ല | 566100 | - | 566100 |
| 4 | KWA | കായില-മൊച്ചക്കുഴി കോളനി കുടിവെള്ളപദ്ധതി | 524334294 | 400951 | | 400951 |
| 5 | KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | ലഭ്യമല്ല | 9900 | - | 9900 |
| 6 | KSEB | ലൈൻ എക്സ്റ്റൻഷൻ | 67482030 | 60280 | | 60280 |
| 7 | KSEB | ലൈൻ എക്സ്റ്റൻഷൻ | 452911184 | 99995 | | 99995 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

**ഇല്ല**

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 23959204 (ലൈഫ്+KURDFC)രൂപ വരവുണ്ട്. മുൻബാക്കി 4788400 രൂപയടക്കം 28747604 രൂപ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ലഭിച്ച തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനനിർമ്മാണം | 1.1.2019<br>28.3.2019 | 10652339<br>8187661 | - | - | - | 18840000 |
| KURDFC | 26.11.18<br>7.1.19.<br>14.3.19 | 2280993<br>1859563<br>978648 | | | 127143 | 5119204 |

| | | | | | | |
|---|---|---|---|---|---|---|
| EMS | 17.2.10 | - | 4788400 | 1540500 | - | 3788400 |

·

## 4-6 സ്ഥിര നിക്ഷേപം

## ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 42 (1)(2) | 2002-03 | | മരാമത്ത്പണികൾ - മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ ശേഷം പണി ആരംഭിച്ചിട്ടില്ല - തുക തിരികെ ഇടാക്കാത്തത്. | നിയമസഭാ സമിതിയുടെ പരിഗണ നയിലാണ്. |
| 2015-2016 | 3-1 | 2016-17 | 4.3.2(iv) | മരുതിമല എക്കോ ടൂറിസം പദ്ധതി | നിയമസഭാ സമിതിയുടെ പരിഗണ നയിലാണ് |
| 2016-17 | 3-15 | 2017-18 | 1 | ഫണ്ടുകളുടെ | |

| | | | | | |
|---|---|---|---|---|---|
| | | | | വിനിയോഗത്തിൽ വീഴ്ച-15076124 ചെലവഴിക്കപ്പെട്ടിട്ടില്ല | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 141428601 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 121343795 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1220 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 156127 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1631251 |

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1220 | | ശ്രീ.വി.സുജിത്ത്കുമാർ, സെക്രട്ടറി |
| 3-1 | | 3473 | ശ്രീ.അജയകുമാർ,സെക്രട്ടറി |
| 3-2 | | 41511 | ശ്രീ.സുജിത്ത് കുമാർ,സെക്രട്ടറി |
| 3-3 | | 30000 | ശ്രീമതി.സിന്ധു വിജെ,അസി.എൻജിനീയർ |
| 3-4 | | 66,710 | ശ്രീ.സുജിത്ത് കുമാർ,സെക്രട്ടറി |
| 3-5 | | 14433 | ശ്രീ. അബുസെയ്ദ്. അസി.എൻജിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| | | |
|---|---|---|
| 1-25 | 142800 | ശ്രീമതി.സ്നേഹ.എസ്.മോഹൻ,കൃഷി ഓഫീസർ |
| | | |

| | | |
|---|---|---|
| 1-28 | 186500 | ശ്രീമതി.ആനിയമ്മ.എം,എച്ച്.എം |
| 1-31 | 39000 | ശ്രീ.സുജിത്ത് കുമാർ,സെക്രട്ടറി |
| 1-32 | 400951 | ശ്രീ.സുജിത്ത് കുമാർ,സെക്രട്ടറി |
| 1-33 | 862000 | ശ്രീ.സുജിത്ത് കുമാർ,സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അജയകുമാർ,സെക്രട്ടറി | സീനിയർ സൂപ്രണ്ട്,പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്, തൃക്കടവൂർ | അദ്വൈതം ,മുരുന്തൽ, പെരിനാട്.പി.ഒ |
| ശ്രീ.വി.സുജിത്ത് കുമാർ,സെക്രട്ടറി | സെക്രട്ടറി ,വെട്ടിക്കവല ഗ്രാമ പഞ്ചായത്ത്. | സുജിത്ത് ഭവൻ, ചെറുപൊയ്ക, കൊട്ടാരക്കര |
| ശ്രീമതി.സ്നേഹ.എസ്.മോഹൻ,കൃഷി ഓഫീസർ | കൃഷി ഓഫീസർ, വെളിയം ഗ്രാമപഞ്ചായത്ത് | കസ്തൂരി, HNOTRA265205 തേവള്ളി.പി.ഒ, കൊല്ലം |
| ശ്രീ.അബു സെയ്ദ്, അസി.എൻജിനീയർ | അസി.എൻജിനീയർ,വെളിയം ഗ്രാമപഞ്ചായത്ത് | പുളിക്കൽ വീട് , റ്റി.കെ.എം. സി പി.ഒ, പേരൂർ, കൊല്ലം. |
| ശ്രീമതി.ആനിയമ്മ.എം,എച്ച്.എം | എച്ച്.എം,ഗവ.യു.പി.സ്കൂൾ, വെളിയം | അനുഗ്രഹ, കൊട്ടറ, മീയണ്ണൂർ |
| ശ്രീമതി.സിന്ധു വി ജെ, അസി,എഞ്ചിനീയർ | അസി,എഞ്ചിനീയർ, കൊല്ലായിൽ ഗ്രാമ പഞ്ചായത്ത് | ജഗന്നാഥ്,ചൂഴാറ്റുകോട്ട, മലയം പി.ഒ-695571 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-1997 | കെ.എസ്.എ/കെ.എൽ.എം. പി6/408(1)/18 തീ. 23.2.18 | 1 |
| 1997-98 | കെ.എസ്.എ/കെ.എൽ.എം. പി6/408(2)/18 തീ. 23.2.18 | 3 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം. പി6/408(3)/18 തീ. 23.2.18 | 4 |
| 1999-2000 | കെ.എസ്.എ/കെ.എൽ.എം. പി6/408(4)/18 തീ. 23.2.18 | 2 |
| 2000-2001 | കെ.എസ്.എ/കെ.എൽ.എം. പി6/408(5)/18 തീ. 23.2.18 | 1 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം. പി6/408(7)/18 തീ. 23.2.18 | 4 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം. പി6/408(8)/18 തീ. 23.2.18 | 1 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം. പി6/408(9)/18 തീ. 23.2.18 | 2 |
| 2005-06 | കെ.എസ്.എ/കെ.എൽ.എം. പി6/408(10)/18 തീ. 23.2.18 | 3 |
| 2006-07 | എൽ.എഫ്.ക്യൂപി7. 1205(1)/14/16.6.2014 | 11 |
| 2007-08 | എൽ.എഫ്.ക്യൂപി7. 1205(2)/14/16.6.2014 | 4 |
| 2008-09 | എൽ.എഫ്.ക്യൂപി7. 1205(3)/14/16.6.2014 | 13 |
| 2009-10 | എൽ.എഫ്.ക്യൂപി7. 1205(4)/14/16.6.2014 | 11 |
| 2010-11 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | 5 |
| 2011-12 | എൽ.എഫ്.ക്യൂപി7.1026/13/22.08.2013 | 15 |
| 2012-13 | എൽ.എഫ്.ക്യൂപി7/870/15/04.07.2015 | 15 |
| | | |

| | | |
|---|---|---|
| 2013-14 | എൽ.എഫ്.ക്യൂപി7/870/04.07.2015 | 16 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം-പി7/996/16/08-06-2016 | 16 |
| 2015-16 | കെ.എസ്.എ. കെ.എൽ.എം-പി7/1849/16, 4-2-2017 | 17 |
| 2016-17 | കെ.എസ്.എ. കെ.എൽ.എം-പി6/1728/17 തീയതി 24.10.17 | 27 |
| 2017-18 | കെ.എസ്.എ. കെ.എൽ.എം-പി6/225/19, 11.4.19 | 9 |

**ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം, 2018 - 2019</u>

നം:കെ.എസ്.എ.കെ.എൽ.എം.പി6/318/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.<br>
ഫോൺ . 0474 -2740141<br>
ഇ-മെയിൽ -<u>doklm.ksad@kerala.gov.in</u><br>
തീയതി: 20/03/2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **വെളിയം** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

No.KSA.KLM.P6/318/2020, Dated – 20/03/2020.

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Veliyum Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Veliyum Grama Panchayath** for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

Kerala State Audit Department

District Office, Kollam

# <u>അനുബന്ധം-2 അനുബന്ധപത്രികകൾ</u>

ബാലൻസ് ഷീറ്റ്

ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ്

റസീറ്റ് &പേയ്മെന്റ്

**ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.